# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2832 09.05.17 ൽ മറുപടിയ്ക്ക്

## നിരോധിത ഹോണുകൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിരോധിത ഹോണുകൾ സർക്കാർ വാഹനങ്ങളിലും മോട്ടോർ വെഹിക്കിൾസ്, പോലീസ്, എക്സൈസ്, ജയിൽ, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളുടെ വാഹനങ്ങളിലും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത ഹോണുകൾ മാറ്റുന്നതിന് മോട്ടോർ വാഹന വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | നിരോധിത ഹോണുകൾ സർക്കാർ വാഹനങ്ങളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള നിർ ദ്ദേശം നൽ കേണ്ടതായി വന്നിട്ടില്ല. |
| (സി) | നിരോധിത ഹോണുകൾ ഉപയോഗിച്ചതിന് പൊതുജനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് പിഴ ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നിരോധിത ഹോണുകൾ ഉപയോഗിച്ചതിന് പൊതുജനങ്ങളിൽനിന്നും പിഴ ഈടാക്കിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ വാഹനങ്ങളിൽ നിന്നു പിഴ ഈടാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ